(സി) സാംസ്കാരിക പൈതൃകം, മൂല്യബോധം എന്നിവ പുതുതലമുറയ്ക്ക് പകർന്ന് നൽകുന്ന തരത്തിൽ പല പാഠഭാഗങ്ങളും സ്കൂൾ/കോളേജ് തലങ്ങളിലുള്ള സിലബസ്സിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലിറ്ററി ആന്റ് ആർട്സ് ക്ലബ്ബ്, എൻവയൺമെന്റ് അവയർനെസ്സ് ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, സയൻസ് ആന്റ് ഹെൽത്ത് എജുക്കേഷൻ ക്ലബ്ബ്, മാത്തമാറ്റിക്സ് ക്ലബ്ബ്, എൻ.എസ്.എസ്./ബുക്ക് ക്ലബ്ബുകൾ തുടങ്ങിയവയിലൂടെ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പ്രയോജനപ്രദമായ രീതിയിൽ വേണ്ടത്ര സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

സഹകരണ ബാങ്കുകളിൽ നിന്നും ഈടുകൂടാതെയുള്ള വിദ്യാഭ്യാസ വായ്പകൾ

*17 [372] ശ്രീ. വർക്കല കഹാർ:
,, എൻ. ഡി. അപ്പച്ചൻ:
,, പി. ജെ. ജോയി:
,, ബി. വിജയകുമാർ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈടുകൂടാതെ സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകണമെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളാണ് ഈടുകൂടാതെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത്;

(സി) ഈടുകൂടാതെ വിദ്യാഭ്യാസ വായ്പ നൽകിയിരുന്ന ജില്ലാ സഹകരണ ബാങ്കുകൾ ഇപ്പോൾ ആ നടപടി നിർത്തിവച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദീകരിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഈട് കൂടാതെ സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകണമെന്ന് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ ചില ജില്ലാ സഹകരണ ബാങ്കുകൾ ഈട് കൂടാതെ വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈടില്ലാതെ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കും, രക്ഷ കർത്താക്കളുടെ ജാമ്യത്തിൻമേൽ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കും ഈടില്ലാതെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്.

(സി) നടപടി നിർത്തിവച്ചിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ശതാബ്ദി സ്മാരകമായി ജനോപകാരപ്രദമായ പദ്ധതികൾ

*18 [373] ശ്രീ. കെ. എ. ചന്ദ്രൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, ഡോ. എം. എ. കുട്ടപ്പൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ശതാബ്ദി സ്മാരകമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ എന്തെല്ലാം സംരംഭങ്ങൾക്ക് രൂപം കൊടുത്തു;

(ബി) സഹകരണ സംഘങ്ങൾ യോജിച്ച് പൊതുജനോപകാരപ്രദമായ പദ്ധതികൾക്ക് രൂപം നൽകണമെന്ന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സഹകരണ ശതാബ്ദി സ്മാരകമായി താഴെ ചേർത്തിരിക്കുന്ന സംരംഭങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്.

1. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാർഡിയോളജി ബ്ലോക്ക്.
2. കൊല്ലം ജില്ലാ ആശുപത്രിയിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്.
3. കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി കെട്ടിടം പണിയുന്നതിന് സംഭാവന.
4. ചങ്ങനാശ്ശേരി താലൂക്കിൽ എഞ്ചിനീയറിംഗ്, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.
5. മഴവെള്ള സംഭരണി നിർമ്മിക്കുന്നതിന് ഉദാര വായ്പാ പദ്ധതികൾ.
6. തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രിയിൽ ഒരു ഡയാലിസിസ് യൂണിറ്റും അനുബന്ധ സജ്ജീകരണങ്ങളും.